**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 170** **29-01-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ബേക്കൽ ബീച്ച് ഫെസ്റ്റിലെ അഴിമതി അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ബേക്കൽ ബീച്ച് ഫെസ്റ്റിന്റെ ഒന്നാം എഡിഷനിലെ അഴിമതികളും ക്രമക്കേടുകളും അന്വേഷിക്കണമെന്നാവശ്യപ്പെട്ട് വിജിലൻസിൽ നൽകിയ പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | പരാതി പ്രാഥമിക പരിശോധന നടത്തി വിജിലൻസ് ഡയറക്ടർ റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരിശോധനാ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | വിജിലൻസ് ഡയറക്ടറേറ്റിൽ 7239364/വിജി ഡി/23 നമ്പറിലും സെക്രട്ടേറിയറ്റ് വിജിലൻസ് ഡി2/144/23 നമ്പറിലുമുള്ള പരാതിയിൽ തുടർ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | വിജിലൻസ് ഡയറക്ടറേറ്റിൽ 7239364/വിജിഡി/23 നമ്പരായി ഒരു പരാതി ലഭിച്ചിട്ടില്ല. സെക്രട്ടേറിയേറ്റ് വിജിലൻസിൽ ലഭിച്ച ഡി2/144/23 നമ്പർ പരാതി തുടർ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിനും, വിനോദ സഞ്ചാര വകുപ്പിനും കൈമാറിയിട്ടുണ്ട്. |
| (സി) | പരാതിക്കാരൻ, ഫെസ്റ്റിന്റെ ചെയർമാൻ, കൺവീനർ, കോഡിനേറ്റർ എന്നിവരിൽ നിന്നും വിജിലൻസ് മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ; | (സി) | പരാതി പരിശോധനയിൽ മൊഴി രേഖപ്പെടുത്തിയിട്ടില്ല. |
| (ഡി) | എന്തൊക്കെ ക്രമക്കേടുകളും അഴിമതിയുമാണ് വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | പരാതി സംബന്ധിച്ചു പരിശോധന നടത്തി വിജിലൻസ് ഡയറക്ടർ റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്. പരാതി പരിശോധനാ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഇ) | ബേക്കൽ ഫെസ്റ്റ് രണ്ടാം എഡിഷനിലും വന്നിട്ടുള്ള വ്യപക ആരോപണത്തിൽ വിജിലൻസ് സ്വമേധയാ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഇ) | ആരോപണങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ